# ഭരണഭാഷ - മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 22.07.2023

നമ്പർ. ഇ.ഡി-3/41055/22/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം - ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് ഉന്നത പഠനത്തിനായി നിരാക്ഷേപ സാക്ഷ്യപത്രവും, ശൂന്യവേതനാവധിയും അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം - നൽകുന്നത് - സംബന്ധിച്ച്

സൂചന :- _____________

വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർ ഉന്നത പഠനത്തിന് ചേരുന്നതിന് മുൻപ് വകുപ്പ് തലവൻറെ നിരാക്ഷേപ സാക്ഷ്യപത്രം യഥാസമയം വാങ്ങാതെയും, ശൂന്യവേതനാവധിക്കുള്ള അപേക്ഷ കാലേക്കൂട്ടി നൽകാതെയും, അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി അവധിയിൽ പ്രവേശിക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർഹതയുടെ പേരിൽ അവധിക്കു വേണ്ടി ജീവനക്കാർക്ക് അവകാശം ഉന്നയിക്കാവുന്നതല്ലായെന്നും, പൊതു താൽപര്യം മുൻനിർത്തി ഏത് തരത്തിലുള്ള അവധിയും നിരാകരിക്കുന്നതിനോ, റദ്ദാക്കുന്നതിനോ ഉള്ള അധികാരം അവധി അനുവദിക്കാൻ ക്ഷമതയുള്ള അധികാരിയിൽ നിക്ഷിപ്തമാണെന്നും കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 65 ൽ പരാമർശിച്ചിട്ടുണ്ട്. ചട്ടങ്ങൾ മേൽ പ്രകാരമായിരിക്കെ, ജീവനക്കാർ അവധി അപേക്ഷ യഥാസമയം സമർപ്പിക്കാതെയും, അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് ജീവനക്കാർ സ്വയമേവ അവധിയിൽ പ്രവേശിക്കുന്നതും, അവധി അപേക്ഷയിന്മേൽ അവധി അനുവദിക്കുന്ന അധികാരിക്ക് ഉചിതമായ തീരുമാനം സ്വീകരിക്കുന്നതിന് മതിയായ സാവകാശം ഇല്ലാതെ വരികയും ചെയ്യുന്ന ജീവനക്കാരുടെ ടി ചെയ്തികൾ സഗൌരവം കാണുന്നു. അവധി അപേക്ഷ മുൻകൂർ സമർപ്പിക്കാതെ അവധിയിൽ പ്രവേശിക്കുന്നത് കാരണം സ്ഥാപനത്തിൻറെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന വസ്തുതയും ശ്രദ്ധയിൽ വന്നിട്ടുണ്ട്.

ഈ സാഹചര്യത്തിൽ റഗുലർ കോഴ്സിൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർ ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

1.ഉന്നത പഠനത്തിന് റഗുലർ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ പഠിക്കാൻ ഉദ്ദേശിക്കുന്ന പാഠ്യപദ്ധതിയുടെ പ്രോസ്പെക്ടസും, ജീവനക്കാരൻറെ അപേക്ഷയും അതിന്മേൽ സ്ഥാപന മേധാവിയുടെ വ്യക്തമായ ശിപാർശയും സഹിതം നിരാക്ഷേപ സാക്ഷ്യപത്രത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചതിന് ശേഷം അത് കൂടി ചേർത്തു മാത്രമേ ശൂന്യ വേതന അവധിയ്ക്കുള്ള അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ.നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുന്പ് പഠനത്തിൽ ചേരുന്നത് അച്ചടക്ക ലംഘനമായി കണക്കാക്കി നടപടി സ്വീകരിക്കുന്നതാണ്.

2.പഠനാവശ്യത്തിനായുള്ള ശൂന്യവേതനാവധി അപേക്ഷയും, കോഴ്സ് സർട്ടിഫിക്കറ്റും, സേവന പുസ്തകവും, അനുബന്ധങ്ങളും അവധി കാലയളവിനും മൂന്ന് മാസം മുൻപ് സ്ഥാപന മേധാവി മുഖേന സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അവധി അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

3.ശൂന്യവേതനാവധി അപേക്ഷയിൽ കോഴ്സ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള കോഴ്സ് കാലയളവ് തന്നെയായിരിക്കണം അവധി കാലയളവായി കാണിക്കേണ്ടത്. അവധി അനുവദിച്ചു തരേണ്ടതായ സർവ്വീസ് ചട്ടം കൃത്യമായും അവധി അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. അപൂർണവും, അവ്യക്തവുമായ ശൂന്യവേതനാവധി അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

4.ശൂന്യവേതനാവധി അനുവദിക്കുന്ന പക്ഷം പ്രസ്തുത ജീവനക്കാരൻറെ അഭാവം സ്ഥാപനത്തിലെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കില്ലായെന്ന വ്യക്തമായ ശിപാർശ സ്ഥാപന മേധാവി രേഖപ്പെടുത്തേണ്ടതാണ്.

5.ശൂന്യവേതനാവധി അപേക്ഷയിലും, അനുബന്ധങ്ങളിലും അപേക്ഷകൻറെയും, സ്ഥാപന മേധാവിയുടെയും തിയതിയോടെയുള്ള ഒപ്പ് ചാർത്തേണ്ടതാണ്.

Draft #5 of File ED3/41055/22/DTE Approved by Senior Administrative Officer on 22-Jul-2023 12:33 PM - Page 1

6.ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചു എന്ന കാരണത്താൽ അവധി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് യാതൊരു കാരണവശാലും അപേക്ഷകൻ അവധിയിൽ പ്രവേശിക്കാൻ പാടുള്ളതല്ല. ശൂന്യവേതനാവധി അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ അപേക്ഷകൻ അവധിയിൽ പ്രവേശിക്കാവൂ. ടി നിർദ്ദേശം ലംഘിക്കുന്ന ജീവനക്കാർ അവർ അനധികൃത അവധിയിൽ തുടരുന്നതായി കണക്കാക്കി, 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ അത്തരം ജീവനക്കാർക്കെതിരെ കൈക്കൊള്ളുന്നതാണ്.

7.കെഎസ്ആർ ഭാഗം I ചട്ടം 88, കെഎസ്ആർ ഭാഗം I പരിശിഷ്ടം XII ബി എന്നീ ചട്ടങ്ങൾ പ്രകാരമുള്ള പഠനാവധി യഥാർത്ഥ കോഴ്സ് കാലയളവിലേക്കാണ് അനുവദിക്കുന്നത്. അതിനാൽ പാഠ്യപദ്ധതിയുടെ യഥാർത്ഥ കാലയളവ് രേഖപ്പെടുത്തിയ കോഴ്സ് സർട്ടിഫിക്കറ്റ് നിർബന്ധമായും അവധി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷകൻ തൃപ്തികരമായി പഠനം തുടരുന്നുവെന്ന് ഓരോ വർഷം കഴിയുമ്പോഴും സ്ഥാപന മേധാവി റിപ്പോർട്ട് നൽകേണ്ടതാണ്. ഈ നിബന്ധന പാലിച്ച് കൊള്ളാമെന്നുള്ള സത്യ പ്രസ്താവന അവധി അപേക്ഷയോടൊപ്പം സ്ഥാപന മേധാവി ഹാജരാക്കേണ്ടതാണ്.

8.പഠനം പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിക്കുന്ന തിയതിക്കും മൂന്നു മാസം മുൻപായി റീ - ജോയിനിങ്ങിനുള്ള അപേക്ഷ സ്ഥാപന മേധാവി മുഖേന ജീവനക്കാരൻ സമർപ്പിക്കേണ്ടതാണ്.

9.പഠനം പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിക്കുന്ന വേളയിൽ പഠനം വിജയകരമായി പൂർത്തിയാക്കി എന്നതിനുള്ള കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1.സി.എ,ഡയറക്ടർ
2.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ
3.എല്ലാ സ്ഥാപന മേധാവികൾക്കും (ഡിടിഇ വെബ് സൈറ്റ് വഴി)
4.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
5.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 22.07.2023
Reason: Approved

Draft #5 of File ED3/41055/22/DTE Approved by Senior Administrative Officer on 22-Jul-2023 12:33 PM - Page 2